
# മഴവില്ല്
## (RAINBOW)

**എസ്.എൻ.ഡി.പി**
**വൈ എച്ച് എസ് എസ്**
**നീരാവിൽ**
**കൊല്ലം**



ശ്രീനാരായണ ഗുരുദേവൻ

## ദൈവദശകം

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളേ;
നാവികൻ നീ ഭവാബ്ധിക്കോ-
രാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണി ത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും-
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി -
സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ, ജയിയ്ക്കുക.

ജയിയ്ക്കുക മഹാദേവ,
ദീനവന പരായണാ,
ജയിയ്ക്കുക ചിദാനന്ദ,
ദയാസിന്ധോ ജയിയ്ക്കുക.

ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം

# സന്ദേശം

സ്കൂൾ കുട്ടികളുടെ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും കുട്ടി ശാസ്ത്രജ്ഞൻമാരെ സൃഷ്ടിക്കുന്നതിനും വേണ്ടി സ്കൂൾ തലത്തിൽ നടപ്പിലാക്കിയിട്ടുള്ള ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിൽ ഒരു ഇ-മാഗസീൻ തയാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.ഇതിന്റെ എല്ലാ പ്രവർത്തകർക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.ഈ മാഗസീനിലൂടെ നമ്മുടെ സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടറിന്റെ അനന്ത സാധ്യതകൾ മനസിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആർ സിബില
പ്രിൻസിപ്പൽ
SNDPYHSS Neeravil

# സന്ദേശം

എസ് എൻ ഡി പി വൈ എച്ച് എസ് എസ്  നീരാവിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് മഴവിൽ എന്ന ഒരു മാഗസിൻ പ്രസിദ്ധീകരിക്കുകയാണ് ഈ സമയത്തിൽ ഇതിൽ പങ്കാളികളായ വിദ്യാർത്ഥികളെയും അവരെ സഹായിച്ച അധ്യാപകരെയും ഞാൻ അഭിനന്ദിക്കുന്നു ഈ ഡിജിറ്റൽ മാഗസിൻ ഒരു വൻ വിജയമാകട്ടെ എന്ന് ആശംസിക്കുന്നു

എസ് കെ മിനി
ഹെഡ് മിസ്ട്രസ്
SNDPYHSS NEERAVIL

# FROM THE KITE MISTRESSES

**Our education system has evolved over the years and the students are coming up with different ideas by themselves.We need to appreciate,encourage and help the students with their skills and abilities to improve them for their better future.**

**"RAINBOW" is a mirror that reflects the imaginations and experiences that helps the students to create a world of beauty.**

**Mrs. MEERA G V** **Mrs. SREECHITRA B**

# <u>ഉള്ളടക്കം</u>

1. My friend
2. ഓർമ്മയിലെ രാവ്
3.Good habits
4.കുറ്റബോധം
5.Magic with numbers
6.Mothers love
7.Mahathma gandhi
8.ശാസ്ത്രം
9.കുവിലെ്യങ്കിൽ
10. പ്രകൃതി സൗന്ദര്യം
11. പ്രകൃതി അന്നും ഇന്നും
12. ഒരിക്കലും മായാത്ത ഓർമ്മക്കൾ
13. ചോദ്യോത്തരങ്ങൾ
14. ധീരജവാൻ
15. വിദ്യാലയം
16. ഭൂമി ദേവത
17. ചിലത്
18. ഇന്നേകനായി ഞാനും
19. രോഗം
20. Reading of Importance
21. സൗഹൃദം

# My Friend

***Like a cool breeze***
***Like a*** **shining star**
**She touched my heart**
**Like a  rain drop**
**Like a bloomed flower**
**She came into my life**
**She taught me what friendship is**
**She is the only person**
**who still remains in my heart**

**Mereena Yesudasan**

# ഓർമ്മയിലെ രാവ്

ഇളംകാറ്റ്  പതിയെ വന്നു നിൽക്കും,
രാവിന്റെ ശോഭ നിറഞ്ഞു നിൽക്കും
പുലർമഞ്ഞു മെല്ലെ പകർന്നിടും രാവിൽ-
അവൻ സൂര്യനായി നിലാവ് ചൊരിഞ്ഞീടും

പുലർ കുളിരിൻ തരികൾ ആസ്വദിക്കും ഞാൻ-
മനസ്സും ശരീരവും ശാന്തമാകും
മാനവരാശിയെ കേട്ടുകൊൾക നിങ്ങൾ
നമ്മുടെ നാടിന്റെ രാവിന്റെ മേന്മ

മിഴിചിമ്മി നിൽക്കുന്ന നക്ഷത്രങ്ങൾക്കിടയിൽ
ഏകനായി നിൽക്കുന്ന ചന്ദ്രനെ കാണുക
ഇരുണ്ടൊരാകാശം കണ്ടുനിൽപ്പൂ ഞാൻ-
കാണുമ്പോഴൊക്കെ മനം നിറയും.

ഒരിക്കലും മായാത്തൊരോർമ്മ പോലെ രാവ്
നിത്യവും മനസ്സിന്റെ കോണിലുണ്ടാകും
അത് ജീവിതത്തിനൊരു
അർഥം ഉണ്ടാക്കും.

ശ്രീഹരി.യു

*GOOD HABITS*

***Good habits are essential to lead a successful life. Habits are formed by repetition. If we often do something in a special way we will go on doing it in the same way. At last it becomes a habit. For example if we get up early in the morning every day, we will not in bed idly in the morning. Habits are important because they form our character. Good habits help to built a good character that leads to success in life.***

***Vijayalekshmi.s***
***9.A***

# കുറ്റബോധം

പണ്ട് മഞ്ചാടിക്കാവ് എന്ന ഒരു ചെറിയഗ്രാമത്തിൽ ഒരു അമ്മയും അവരുടെ മക്കളും ജീവിച്ചിരുന്നു . മകന്റെ പേര് ബാബൂ ,മകളുടെ പേര് കാത്തു .അവർ വളരേ സന്തോഷത്തോടു കൂടി ജീവിച്ചുവന്നു . അവരുടെ ഗ്രാമത്തിൽ ഒരു പുഴ ഉണ്ടായിരുന്നു .പുഴയുടെ പേര് കുറിഞ്ഞിപ്പുഴ നല്ല വലിയ മലകളുടെ ,മരങ്ങളും എല്ലാം കൊണ്ടും സുന്ദരമായ ഒരു ചെറുഗ്രാമം. ബാബുവിന്റെ അചഛൻ ഒരു കൂലിപ്പണിക്കാരനായിരുന്നു .ഒരു ദിവസം പുഴയിൽ കുളിച്ചുകൊണ്ടിരിക്കെ ബാബു തന്റെ ഒരു കൂട്ടുകാരനുമായി വഴക്കിട്ടു .വീട്ടിലെത്തിയപ്പോൾ തല്ലുകൂടിയതിനു ബാബുവിനെ പൊതിരെ തല്ലി .അങ്ങനെ നാണകേടു സഹിക്കാൻ കഴിയാതെ നാടു വിട്ടു .അപ്പോൾ ബാബുവിനു പ്രായം പതിനാറ് . അവനെ ഒരു പാട് തിരക്കിയെങ്കിലും കണ്ടെത്താൻ സാധിച്ചില്ല . വർഷങ്ങൾക്കു ശേഷം അവൻ തിരിച്ചെത്തി. അവൻ ഇപ്പോൾ ബോംബെയിൽ ഉദ്യേഗസ്ഥനാണ് . തിരികെ നാച്ചിലെത്തിയ ബാബു ഞെട്ടിപ്പോയി . താനും തന്റെ കൂട്ടുകാരും കളിച്ചുകൊണ്ടിരുന്ന പുഴ കാണാനില്ല . അതിനു പകരം രണ്ടുമൂന്നു കുഴികളിൽ കെട്ടിനിൽക്കുന്ന മലിനമായ ജലം മാത്രം .അതിനപ്പുറത്തുള്ള പാലത്തിലൂടെ വണ്ടികൾ ചീറിപാഞ്ഞുപോകുന്നു.ഒടുവിൽ തിരക്കിപിടിച്ച് ബാബു അവന്റെ വീടുകണ്ടുപിടിച്ചു. താൻ ഓടിക്കളിച്ചിരുന്ന മുറ്റം. അവൻ ഉമ്മർത്തേക്കു വന്നു സഹോദരിയേ വിളിച്ചു .സഹോദരി അവനെ ഉള്ളിലേക്കു വിളിച്ചു . അവൻ തന്റെ അചഛനേയും അമ്മയും തിരക്കി ,പക്ഷെ ഭിത്തിയിൽ തൂക്കിയ രണ്ടു ചിത്രങ്ങളിലൂടെയാണ് മരണപ്പെട്ട കാര്യം അവൻ അറിയുന്നത് .ഒരു ചെറിയകാര്യത്തിൽ നിന്നും ബാബുവിനു തന്റെ അമ്മെയും അചഛനെയും നഷ്ട്ടപ്പെട്ടു .ഈ വിഷമം ഉള്ളിലൊതിക്കിക്കൊണ്ടു ഇന്നും ജീവിക്കുന്നു.

"നന്ദന.എസ്" [9.B]

# *<u>Magic With Numbers</u>*

***33 x  33 = 1089***
***333 x 333 =  110889***
***3333 x 3333 = 11108889***
***33333 x 33333 = 1111088889***

***99 x 99 = 9801***
***999 x 999 = 998001***
***9999 x 9999 = 99980001***
***99999 x 99999 = 999980001***

*RIYA NAZARUDEEN*
*9.A*

# Mother's Love

*Mother is a word*
*which stands for purity.*
*It's always promised protection*
*I love you more than anything else.*
*Mother stands for purity*
*Her love for welfareness,*
*Her's is a love like a precious stone.*
*And a gem which shines brightly*
*she is an angel*
*The messenger of god*
*Looks after her children*
*As apple's in her eye.*

*Naveen.R*
*9.A*

# *MAHATMA GANDHI*

*Gandhiji is one of the greatest men born on earth .He sacrificed a life of luxury for the sake of our country. He gave the world the precious message of non violence. Mahatma gandhi's economic policy GramaSwaraj is meant for us,for Indians. World peace can be established by truth and non violence. We can solve the problem of unemployment and become prosperous through GramaSwaraj. That is why Mahatma Gandhi's teachings are relevant today.*

*ASHTAMI.B.S*

# ശാസ്ത്രം

ശാസ്ത്രമെന്ന ലോകത്തിലുദിക്കുന്ന അറിവുകൾ
കാണാവിസ്മയം തീർക്കുന്ന അറിവുകൾ
ആയിരം ചോദ്യങ്ങൾക്കുത്തരം നൽകുന്ന
സത്യസന്ധമായ വഴിയാണ് ശാസ്ത്രം.
കർഷകന് കൃഷിയെ,പ്പറ്റിയറിയാൻ വേണ്ടി
ഭൂമിയുടെ രഹസ്യത്തെ,പ്പറ്റിയറിയാൻ വേണ്ടി
പുത്തൻപുതുലോകത്തെ സൃഷ്ടിക്കാൻ വേണ്ടി
ശാസ്ത്രമെന്നയുപായം നാമുപയോഗിക്കുന്നു.
പറക്കാനാഗ്രഹിക്കുന്നിതെത്രപേരുണ്ട്
വിസ്മയം തീർക്കാനാഗ്രഹിക്കുന്നിതെത്രപേരുണ്ട്
ശാസ്ത്തമെന്ന വാതിൽ കടക്കാൻ കഴിയാത്തവ-
രായുമില്ല എന്നുമീ ഭൂമിയിൽ.
കുട്ടികൾ ശാസ്ത്രം പഠിച്ച് വളരുന്നു
പുതുശാസ്ത്രമുണ്ടാക്കാൻ പഠിച്ച് വളരുന്നു
ഭാവിസ്വപ്നമായി മാറുന്ന കുട്ടികൾ
വൻമരമായി വളർന്ന് വരുന്നു.

1. -കാർത്തിക്ക് കെ. 9 A

# _കൂവീല്ലെങ്കിൽ

മുത്തശിക്കൊരു പൂവൻകോഴീണ്ട്. സുന്ദരകുട്ടനാണ്.മുത്തശിക്ക് മുടിയൊക്കെ നരച്ചിട്ടും,പല്ലൊക്കെ പോയിട്ടും ചെറുപ്പകാരിയുടെ മട്ടുണ്ട്. എന്നും പുലർച്ചെ മുത്തശ്ശിയുടെ അടുത്തുപോയി നീട്ടികൂവും ആ പൂവൻകോഴി. മുത്തശ്ശിമാത്രമല്ല അയൽപക്കത്തെ ആൾക്കാരെല്ലാം പൂവൻ കോഴിയുടെ കൂവലുകേട്ടാണ് ഉണരുന്നത്.താൻ കൂവിയാലേ നാട്ടിലുള്ളവർ ഉണരൂയെന്ന് മുത്തശ്ശിക്കറിയാം.ഒരു ദിവസം ആ മുത്തശ്ശി പൂവൻകോഴിയെയും കൂട്ടി ഒരു സ്ഥലത്തുപോയി.അവിടെ ഒരു ചന്തയിൽ മുത്തശ്ശി ആ പൂവൻക്കോഴിയെ വിറ്റു.മുത്തശ്ശി  വിചാരിച്ച പൂവൻ കോഴി കൂവീല്ലെങ്കിൽ നാട്ടുകാർ ഉണരില്ലെന്ന്.പിറ്റേ ദിവസം മുത്തശ്ശി വന്നപ്പോൾ എല്ലാവരും എഴുന്നേറ്റ് ജോലി ചെയ്യുന്നു.ഇതു കണ്ട് മുത്തശ്ശി താൻ ചെയ്ത വിഡ്ഢിത്തം ഓർത്ത് വിഷമിച്ചു.

-രാഹുൽ. 6 A

# *പ്രകൃതി സൗന്ദര്യം*

പ്രകൃതി എത്ര മനോഹരം
പച്ചപ്പ് നിറഞ്ഞ പുൽപാടങ്ങൾ
അതി രാവിലെ പുഞ്ചിരിച്ചുക്കൊണ്ടുണരുന്ന സൂര്യനും
കിളികളുടെ കളകളാരവവും
കുയിലിന്റെ പാട്ടും എത്ര മനോഹരം.
കാറ്റിലാടുന്ന പൂവിന്റെ സുഗന്ധവും
അതിന്റെ സൗന്ദര്യവും
ജീവജാലങ്ങളുടെ ഭംഗിയും എത്ര മനോഹരം
നിലാവിന്റെ വെളിച്ചത്തിൽ നമ്മെ നോക്കി
പുഞ്ചിരിച്ചുക്കൊണ്ടുണരുന്ന നക്ഷത്രങ്ങളും
രാത്രിയുടെ സൗന്ദര്യം കാണാൻ എത്ര മനോഹരം

-ദൃശ്യാ സുനിൽ. 7 A

# പ്രകൃതി അന്നും ഇന്നും

ഫ്ലാറ്റിലെ പൂവിന് ഭംഗിയുണ്ടെങ്കിലും
വെല്ലുവിളിക്കാമോ ഗ്രാമീണപൂക്കളെ;
തേനീച്ചകളും ചിത്രശലഭങ്ങളും പിന്നെ
മധുപന്റെ തേന്തൂറും രുചിയുള്ള പൂക്കളും.
പ്രകൃതിമാതാവിന്റെ ഹർഷമുൾക്കൊണ്ടൊരു
പൈതങ്ങോടിക്കളിപ്പുണ്ട് ധാരാളം.
നാട്ടുവഴികളും വള്ളിയും പാടവും
ലളിതവും സന്തോഷമുൾക്കൊണ്ട ജീവിതം.
ടാറുകൾ ടൈലുകൾ കുന്നോളമുണ്ടെങ്കിൽ
കുന്നോളമാകും കലഹവും ദുരിതവും
മാറ്റുക ചിന്തകൾക്കനിവാര്യമായി
ആക്രമപ്രത്യാക്രമണങ്ങൾക്കൊരന്ത്യമായി
അന്നം തരുന്ന മാതാവിനെ സേവിക്കാൻ
ഒത്തുകൂടാം നമുക്കൊന്നിച്ചുകൂടാം.

-നവദീപ് പി. 9 C

# ഒരിക്കലും മായാത്ത ഓർമ്മകൾ

വൃക്ഷവും പൂക്കളും വെച്ചുപിടിപ്പിച്ച
മാനുഷൻമാരിതിന്നെവിടേക്ക് പോയി?
വെള്ളമോ വളമോ ലഭിക്കാതെയവരിന്ന്
ആരെ പ്രതീക്ഷിച്ചവിടെ നിൽപ്പൂ?
ഇതു കണ്ട് മേഘങ്ങൾ കരയാൻ തുടങ്ങി,
ഇടിയും മഴയും കൊടിചുരുങ്ങി.
ചിരിച്ചുകൊണ്ടാകാശത്തുള്ളികൾ വന്നു
ആശ്വാസമേകിയവിടെ തങ്ങി നിന്നു.
പൂക്കൾ വിടർന്നു മുഖം മിനുക്കി
മാനങ്ങൾ നോക്കി രസിച്ചു നിന്നു.
നന്ദിയെൻ സോദരാ മറക്കില്ലൊരിക്കലും
നിന്നുടെയോർമ്മമാത്രമെൻ മനസ്സിൽ,
പോകുന്നു ലോകത്ത് ഏതോതോ ലോകത്ത്
അവസാനമാരുമറിയാത്ത ലോകത്ത്.

- അതുൽ എ. 9 A

# ചോദ്യോത്തരങ്ങൾ

1.കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി?

പള്ളിവാസൽ

2.ഈ വർഷത്തെ വയലാർ അവാർഡ് ജേതാവ് ?

കെ.വി.മോഹൻകുമാർ

3.കേരളത്തിലെ ആദ്യത്തെ പത്രം?

രാജ്യസമാചാരം

4.ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും വലിയ ദ്വീപ് ?

മഡഗാസ്കർ

5.ഏറ്റവും കൂടുതൽ ജനസംഖ്യ കൂടിയ ഇന്ത്യൻ സംസ്ഥാനം?

ഉത്തർപ്രദേശ്

6.ലോകത്തിലെ ഏറ്റവും വലിയ ദ്വീപ് ?

ഗ്രീൻലാന്റ്

7.കേരളത്തിലെ ആദ്യത്തെ ഭക്ഷ്യസുരക്ഷാ ജില്ല?

കൊല്ലം

8.2020-ലെ ഒളിമ്പിക്സ് നടക്കുന്ന സ്ഥലം?

ടോക്കിയോ

9.ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം?

രാജസ്ഥാൻ

10.ലോകത്തിലെ ഏറ്റവും വലിയ പ്രതിമ സ്ഥിതി ചെയ്യുന്ന രാജ്യം?

ഇന്ത്യ

-ആനന്ദ് എ. 6 A

# ധീരജവാൻ

ധീരതയോടുകൂടിവീരമൃത്യു വരിച്ച ജവാൻമാർക്ക് നാമെന്തുചെയ്തു?
നാമങ്ങളോർക്കില്ല, ധീരതയോർക്കില്ല,
ആർക്കുവേണ്ടി മൃത്യു വരിച്ചെന്നും ഓർക്കില്ല.
രാഷ്ട്രമാണെൻ ജീവൻ, അതിലാണ് എൻ ജീവൻ
ധീരതയുള്ളവർ മരിക്കില്ലൊരിക്കലും.
ഭാരതമാതാ ഒരിക്കലും താഴില്ല,
ജീവൻ ബലി നൽകി ഉയർത്തിപിടിക്കും.
രാഷ്ട്രത്തെ കാക്കുന്ന നമ്മളെ കാക്കുന്ന
അവരുടെ സംരക്ഷണയാരുറപ്പിക്കും?
ഒരു നിമിഷത്തിൽ മരിക്കുന്ന ദശലക്ഷം
അവരുടെ പോരാട്ടമിപ്പോഴും നിൽക്കുന്നു.
അവസാനമുണ്ടോ ഈ കാഹളത്തിന്
അവസാനമുണ്ടോ ഈ ചരമദിനങ്ങൾക്ക് ?

-ആദിത്യൻ ഡി. 9 A

# വിദ്യാലയം

പുസ്തകപേജുകൾ  പിച്ചവെച്ചു തുടങ്ങി നാം

എൻ  കൊച്ചു സുന്ദര വിദ്യാലയത്തിൽ

കൂട്ടുകുടുബത്തിൽ ഒരങ്ങമായ് മാറി നാം

വിദ്യകൊണ്ടൊന്നായ്  കൈകോർത്തു  നാം

അക്ഷരം  മാലപോൽ  കോർത്ത്  നാം  വായിച്ചു
വിദ്യാലയം

എന്നൊരു  വാക്കുകൂടി

"ഐശ്വര്യ.എസ്”[9.A]

# ഭൂമി ദേവത

പാറിപ്പറക്കുന്ന കിളികളും മേഘവും
കോരിതരിക്കുന്ന കാറ്റിൻ സുഗ

ഓളം തകർത്തങ്ങു പായുന്ന പുഴകളും
ഓടിച്ചമഞ്ഞിതാ കൊഴിയുന്ന പൂക്കളും

കാറ്റിൻ സുഗന്ധമെൻ കരളിൽ പതിക്കവേ
തിരമാലകൾ വന്ന് കരയെ തഴുകവേ

എന്നും പച്ചയാം അഴകിൻ അമ്മതൻ
പ്രകൃതീശ്വരീ....പ്രകൃതീശ്വരീ....

"അശ്വതി.ബി"[9.A]

# ചിലത്......

ചില സന്ധ്യകൾ ചോന്നുതുടുക്കാറില്ല...
ചില മുകിൽ മാലകൾ പെയ്തൊഴിയാറില്ല...
ചില രാത്രികൾ നിലാവു പൊഴിയ്ക്കാറില്ല...
ചില നേരം കാറ്റിന്ന ചന്ദനഗന്ധമല്ലേ...

"വിജയലക്ഷ്മി"[9.A]

# ഇന്നേകനായി ഞാനും

ഇന്നേകനായി ഞാനും,

നിൻ മൗനമോ തീവ്രമായി

ഞാൻ കാണും ,നീ എൻ അകലേ

ശാന്തമായി നിൽപ്പൂ.

ഇന്നിൻ ദുഃഖവും എൻ ദുഃഖം

ഇന്നിൻ സുഖവും എൻ സുഖം

ഞാനറിയാതാരോ എൻ കരളിൽ വന്നെത്തി

ഇന്നു നീ ഇല്ലാ രാവും പകലായി

ഞാൻ കാണും നിൻ മിഴികളിൽ നനവ്

"വിധുകൃഷ്ണൻ" [9.A]

# രോഗം

രോഗങ്ങൾ പടരുന്ന വേസ്റ്റുകൾ നിറയുന്ന

കാൻസർ രോഗികൾ പ്ലാസ്റ്റിക്ക് തുടരുന്ന

അൾട്രാവൈലറ്റ് റെയ്സുകൾ കൂടെ

ഭൂമിയിലധിതികളായിയെത്തുന്നു.

വൃക്ഷവും ദാഹജലവും ഒരുമിച്ച്

ആർത്തിമൂത്താമനുഷ്യർ നശിപ്പിക്കുന്ന

കിണറിന്റെ ആഴം കൂടാൻ തുടങ്ങി

കൃത്രിമ ഓക്സിജൻ വലിക്കാൻ തുടങ്ങി

സർക്കാര് വന്നു പ്ലാസ്റ്റിക്ക് തടഞ്ഞു

രോഗങ്ങളന്നിട്ടും പെരുകി വരുന്നു

കൊതുകുകൾ പകർത്തുന്ന ഡെങ്കിപ്പനിയിൽ

അടിമകളാകുന്നു കേരളീയ മനുഷ്യൻ

“ഉണ്ണികൃഷ്ണൻ" [9.A]

# Reading of Importance

inBooks are the treasure of knowledge.They are the best friends of human beings. They tell us what is good and what is wrong.Books are like magic-boxes.They are very valuable.When we read books we will know many things.We gets knowledge,current affairs and many other valuable thgs.So,Books are our best friends.

We should also gives much more mportance to read newspapers . Newspapers are the wndows that helps us to know what is happening outside .It gives us a wide range of information. We get wide range of information through reading .

“Sreelekshmi.L “[7.B]

# സൗഹൃദം

മനസ്സിൻ  ഒരുഭാഗം കൊടുത്തു നാം

സൃഷ്ട്ടിച്ചു  സൗഹൃദം എന്നൊരു

കൂട്ടുകെട്ട്

ബാല്യത്തിൽ നമ്മളാ സൗഹൃദം

സൃഷ്ട്ടിച്ച്   ഇന്നുമാസൗഹൃദം

മനസ്സിലുണ്ട്

പുസ്തകപേജുകൾ ഒന്നായ്  പഠിച്ചു

നാം  സൃഷ്ട്ടിച്ചു  സൗഹൃദം

എന്നൊരു  പാഠഭാഗം

"ദേവിക.കൃഷ്ണ "[9A]

# PHOTO GALLERY













"Education is the most
Powerful Weapon
which you can use
to change the world."
~ APJ. Abdul Kalam
amazingandcurious.com

# *THANK YOU*